കൊണ്ടൊന്നും തൃപ്തികരമായ നിലയിൽ അല്ല. ഇവ ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് സത്യം. ഏതായാലും കൂടുതൽ കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ വേണ്ടി കളക്ടർമാരോടുതന്നെ നേരിട്ട് ഇക്കാര്യം കൈകാര്യം ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

4. കളമശ്ശേരി–ഇരുമ്പനം റോഡിന്റെ പ്രവർത്തനം സംബന്ധിച്ച്

ശ്രീ. കെ. മുഹമ്മദലി: കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമേഖലയുടെ വികസന പ്രവർത്തനങ്ങൾ മുന്നിൽകണ്ടുകൊണ്ട് അതിന് അടിസ്ഥാനമായി മാറേണ്ട രീതിയിൽ ദീർഘവീക്ഷണത്തോടുകൂടി രൂപം നല്കിയിട്ടുള്ള ഒരു റോഡാണ് കളമശ്ശേരി–ഇരുമ്പനം റോഡ്. ഈ പദ്ധതി മൂന്നു സ്റ്റേജുകളിലായി നടപ്പിലാക്കുവാനാണ് അത് രൂപം നല്കിയ കാലഘട്ടത്തിൽ തീരുമാനിച്ചത്. അത് ആരംഭിക്കേണ്ട കളമശ്ശേരിയിൽ അതിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലം എച്ച്. എം. ടി. വ്യവസായസ്ഥാപനം സൗജന്യമായി നല്കിയിട്ടും ഇത്രയും വർഷമായിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ രണ്ട് സ്റ്റേജുകളുടെ പണി-മൂന്നു സ്റ്റേജുകളാണ് ഉള്ളത്. രണ്ട് സ്റ്റേജുകളിലെ പണി ഏകദേശം നടന്നുവരികയാണ്. ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ ഈ റോഡ് ആരംഭിക്കുന്ന ഭാഗം ഇതുവരെ പ്രവർത്തനമാരംഭിക്കാത്തതുമൂലം ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങളെ അത് ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ദൂരക്കാഴ്ചയോടുകൂടി, ദീർഘവീക്ഷണത്തോടുകൂടി രൂപം നല്കിയിട്ടുള്ള ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പ്രത്യേകം താല്പര്യം എടുത്ത് വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): കളമശ്ശേരി–ഇരുമ്പനം റോഡ്, തൃപ്പൂണിത്തുറ–മൂവാറ്റുപുഴ റോഡിൽനിന്ന് ആരംഭിച്ച് ചിറ്റപ്പുഴ വരെയുള്ള 3.75 കി. മീ. നീളമുള്ള ഒന്നാം റീച്ചിന്റെ പണി കഴിഞ്ഞിരിക്കുകയാണ്. 2-ാം റീച്ചിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. 3-ാം റീച്ചിന്റെ പണി 4711 മീറ്റർ നീളം വരുന്ന ഭാഗമാണ്. ഇതിൽ 777 മീറ്റർ ആണ് കൊച്ചി വ്യവസായ സംസ്ക്കരണമേഖലയിലേക്കുള്ള അപ്രോച്ച് റോഡ്. ആ വർക്ക് തുടങ്ങാനുള്ള നിർദ്ദേശം നല്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള 1851 മീറ്റർ ദൂരം റോഡ് എച്ച്. എം. ടി. വക സ്ഥലത്തുകൂടിയാണ് റോഡ് പോകേണ്ടത്. അവർ ആദ്യം ആ സ്ഥലം വിട്ടുതരാൻ വൈമനസ്യം കാണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അത് നീണ്ടുപോയി. ഇപ്പോൾ അവർ ആ സ്ഥലം വിട്ടുതരാമെന്നു സമ്മതിച്ചിട്ടുണ്ടെങ്കിലും നിയമപരമായിട്ടുള്ള കൈമാറ്റം നടന്നിട്ടില്ല. അത് നടന്നുകഴിഞ്ഞാൽ അതിന്റെ പ്രവർത്തനം കൂടി ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly